**ഇഹ്സാൻ**

# ദത്ത് നല്ലവൻ, മൂസ കെട്ടവൻ

**1993-ലെ** മുംബൈ സ്ഫോടന കേസിൽ ഹിന്ദി സിനിമാ നടനായ സഞ്ജയ് ദത്തിനെ ടാഡ കോടതി കുറ്റവിമുക്തനാക്കിയത് ആഘോഷിക്കുന്ന തിരക്കിലാണ് മാധ്യമങ്ങൾ. മുംബൈ സ്ഫോടന കാലത്ത് എ.കെ 56-ഉം ചൈനീസ് നിർമിത പിസ്റ്റളുകളും തിരയും അധോലോകക്കാരിൽനിന്ന് പണം കൊടുത്തു വാങ്ങി കൈവശം വെച്ചതിനാണ് അറസ്റ്റിലായതെങ്കിലും ദത്ത് ഭീകരനല്ലെന്നും കേസ് ടാഡ കോടതിയിൽ അദ്ദേഹത്തെ വിസ്തരിക്കേണ്ടതില്ലെന്നുമാണ് കോടതിയുടെ വിധി. ആയുധം കൈവശം വെക്കുന്നതുമായി ബന്ധപ്പെട്ട ഇന്ത്യൻ പീനൽ കോഡിന്റെ വകുപ്പുകളനുസരിച്ച് ഇനി അദ്ദേഹത്തിന്റെ കാര്യത്തിൽ തുടർ നടപടികളെടുക്കും. രാജ്യത്തെ സാംസ്കാരിക നായകന്മാർ ആശ്വാസം കൊള്ളുന്നതിനെ കുറിച്ച വാർത്തകളാണ് പുറത്തുവരുന്നത്. സഞ്ജയ് നല്ല മനുഷ്യനാണെന്നും അദ്ദേഹത്തിന് ഭീകരനാവാൻ കഴിയില്ലെന്നും ഈ വിധി ബോളിവുഡിന് അനൽപമായ ആശ്വാസം പകർന്നതായും മറ്റും മറ്റുമൊക്കെയാണ് പ്രതികരണങ്ങൾ. സഞ്ജയിന്റെ കാര്യത്തിൽ കോടതി അനുകൂലമായ നിലപാട് സ്വീകരിച്ചേക്കുമെന്ന് കഴിഞ്ഞ ഏതാനും ദിവസങ്ങളായി വാർത്താമാധ്യമങ്ങൾ നിയമവിദഗ്ധരെ ഉദ്ധരിച്ച് അഭിപ്രായപ്പെടുന്നുണ്ട്. അദ്ദേഹത്തിന് കോടതി മാപ്പു നൽകണമെന്ന് പ്രോസിക്യൂഷൻ പോലും കോടതിയിൽ നിലപാട് സ്വീകരിച്ചതോടെ നല്ലനടപ്പ് ജാമ്യത്തിന് ഇയാളെ വിട്ടയക്കുന്നത് എപ്പോഴാണെന്ന ചോദ്യം മാത്രമേ ഇനി ബാക്കിയാവുന്നുള്ളൂ.

ബ്രിട്ടീഷ് സമ്പ്രദായമനുസരിച്ച് കണ്ണില്ലാത്ത നിയമവാഴ്ചയാണ് ഇന്ത്യയും പിന്തുടരുന്നത്. അതായത് കുറ്റവാളിയുടെ മുഖം നോക്കാതെയുള്ള നീതിവാഴ്ച. സജ്ഞയ് ദത്തിനെ പോലുള്ള ഒരു സിനിമാ നടന്റെ കാര്യത്തിൽ നമ്മുടെ നിയമം അത്രമാത്രം കണ്ണുപൊട്ടനാവുമോ എന്ന സംശയം പലർക്കുമുണ്ടായിരുന്നു. വിചാരണക്കാലത്തുടനീളം അദ്ദേഹത്തോട് കോടതി കാണിച്ചുകൊണ്ടിരുന്ന ഔദാര്യം നീതിവാഴ്ചയുടെ വരണ്ട വ്യാഖ്യാനങ്ങൾക്ക് ആർദ്രമായ മുഖം സമ്മാനിക്കുന്നുണ്ടായിരുന്നു. ഒരു പ്രമുഖ നടനെ കുറിച്ച ആരോപണം വിചാരണക്കെടുക്കുമ്പോൾ അദ്ദേഹത്തിന് സമൂഹത്തിലുള്ള പദവിയും ആദരവുമാണ് കോടതി വേറിട്ടുകണ്ടത്. ദത്തിന്റെ മേൽ ആരോപിക്കപ്പെട്ട അതേ കുറ്റം ചെയ്ത സാധാരണക്കാരൻ ഇതേ കോടതിയിൽ കൈകാര്യം ചെയ്യപ്പെട്ടത് മറ്റൊരു രീതിയിലായിരുന്നു. ടാഡ കോടതി ജഡ്ജി പി.ഡി കോഡയുടെ ഉത്തരവുകളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് സഞ്ജയ് ദത്തിന് ആയുധം നൽകിയ ഇബ്റാഹീം എന്ന ബാബ മൂസക്ക് പത്തു വർഷം കഠിന തടവും മൂന്നു ലക്ഷം രൂപയുടെ പിഴയും വിധിച്ചത്. ദത്തിന് ആയുധം നൽകിയതാണ് മൂസ ചെയ്ത തെറ്റ്. പക്ഷേ കർമം നല്ലതാവുകയും കർത്താവും ക്രിയയും തെറ്റാവുകയുമാണ് ഈ കേസിൽ സംഭവിച്ചത്. വിചിത്രമെന്നു തന്നെ പറയണം, ദത്തിന് കൈമാറിയ അതേ എ.കെ 56 തോക്ക് സ്വന്തം ആവശ്യത്തിനായി ഒരെണ്ണം കൈവശം വെക്കുകയും ചെയ്തിരുന്നു. ദത്തിന്റെ കാര്യത്തിൽ കുറ്റമല്ലാതിരുന്നത് മൂസയുടെ കാര്യത്തിൽ കടുത്ത പാതകമായാണ് കോഡയുടെ കോടതി കണ്ടെത്തിയത്. പോർച്ചുഗലിൽനിന്നും ഈയിടെ ഇന്ത്യയിലേക്ക് കൊണ്ടുവന്ന കുറ്റവാളി അബൂസലീമിന്റെ കൂട്ടാളിയാണ് എന്ന് ചൂണ്ടിക്കാട്ടിയാണ് മൂസയെ ടാഡ കോടതി കഠിന തടവിന് ശിക്ഷിച്ചത്. എന്നാൽ അബൂസലീമിന്റെ കൂട്ടാളിയായ മൂസയുമായി ചങ്ങാത്തമുണ്ടാക്കിയത് പക്ഷേ സഞ്ജയ് ദത്തിന്റെ കാര്യത്തിൽ കുറ്റമായതുമില്ല.

അസീസ് അഹ്മദ് ശൈഖും കൂട്ടു പ്രതികളും ചെയ്ത തെറ്റും ഇഹ്സാൻ ഖുറൈശിയുടെ കുറ്റവും നിയമത്തിന്റെ കണ്ണിൽ സഞ്ജയ് ദത്ത് ചെയ്തതിൽനിന്ന് ഒട്ടും വ്യത്യാസപ്പെടുന്ന ഒന്നായിരുന്നില്ല. ടാഡ നിയമത്തിന്റെ അഞ്ചാം വകുപ്പ് അനുസരിച്ച കുറ്റത്തിനാണ് ഇവരെല്ലാം കോടതിയിലെത്തിയത്. മറ്റുള്ളവർ ജീവപര്യന്തം കഠിന തടവിനും അഞ്ചു വർഷത്തെ കഠന തടവിനും ശിക്ഷിക്കപ്പെട്ടപ്പോൾ ദത്തിനെ ടാഡയുടെ പരിധിയിൽനിന്ന് ഒഴിവാക്കുകയാണ് കോടതി ചെയ്തത്. ആയുധം കൈവശം വെച്ചുവെന്ന കുറ്റം എല്ലാവരുടെ കാര്യത്തിലും കോടതിയിൽ സംശയാതീതമായി തെളിയിക്കപ്പെട്ടിരുന്നു. മുംബൈയിൽ സ്ഫോടനത്തെ തുടർന്ന് സ്വന്തം കുടുംബത്തിന്റെ സുരക്ഷ അപകടത്തിലാണെന്ന് തോന്നിയപ്പോഴാണ് ഖുറൈശി ഒരു സുഹൃത്തിന്റെ കൈയിൽനിന്നും പിസ്റ്റൾ സംഘടിപ്പിച്ചത്. സഞ്ജയ് ദത്തിന് സുരക്ഷാ ഭീഷണിയുണ്ടെന്ന സൂചനയെങ്കിലും ലഭിച്ചാൽ നിയമപാലകരുടെ വലിയൊരു ബറ്റാലിയൻ തന്നെ ബാന്ദ്രയിൽ ദത്ത് കുടുംബത്തിന്റെ ഗേറ്റിനു പുറത്ത് കാവൽ നിൽക്കാൻ എത്തുമായിരുന്നു. മറുഭാഗത്ത് ബാൽതാക്കറെയുടെ 'കുട്ടികൾ' മുംബൈ നഗരത്തെ ചുട്ടെരിച്ചപ്പോൾ പോലീസിൽനിന്ന് തങ്ങൾക്ക് ലഭിച്ച സഹായം എന്തായിരുന്നുവെന്ന് അറിയാവുന്നതുകൊണ്ടാണ് സ്വന്തം കുഞ്ഞുങ്ങളുടെ സുരക്ഷ ഭയന്ന് ഇഹ്സാൻ ഖുറൈശി അറ്റകൈക്ക് ആയുധം വാങ്ങി സൂക്ഷിച്ചത്. ഖുറൈശിക്ക് തോക്കു നൽകിയ വ്യക്തി മുംബൈ സ്ഫോടന കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ടതായിരുന്നു രണ്ടു സംഭവങ്ങളും തമ്മിൽ കൂടിക്കലരാൻ വഴിയൊരുക്കിയത്. അഹ്മദ് ശൈഖിന്റെ കാര്യത്തിൽ ചിത്രം കുറേക്കൂടി ദുരൂഹമായിരുന്നു. നഗരത്തിലെ നാരിയൽവാഡി ശവപ്പറമ്പിൽനിന്ന് പോലീസ് കണ്ടെടുത്ത ആയുധങ്ങൾ ശൈഖ് ഒളിപ്പിച്ചുവെച്ചതാണെന്ന ആരോപണമാണ് കോടതിയിലെത്തിയത്. സാക്ഷികളെ ഹാജരാക്കിയതും ആയുധം 'കണ്ടെടുത്ത' പോലീസ് തന്നെയായിരുന്നു.

സഞ്ജയ് ദത്തിന് നിയമത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിന്റെ പശ്ചാത്തലം ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ എക്കാലത്തെയും വലിയ കളങ്കമാവുന്നിടത്തേക്കാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ദേശീയ ആയുധ നിയമമനുസരിച്ച് അഥവാ ശിക്ഷ വിധിച്ചാൽ പോലും ഏറിയാൽ മൂന്ന് വർഷത്തെ വെറും തടവാണ് ദത്തിന് ലഭിക്കുക. ഈ ശിക്ഷ എങ്ങനെയെങ്കിലും ഒഴിവാക്കി അദ്ദേഹത്തിന് നല്ല നടപ്പ് ജാമ്യമാക്കി മാറ്റിക്കിട്ടാനാണ് പ്രതിഭാഗവും പ്രോസിക്യൂഷനും ഒത്തുചേർന്ന് ഉത്സാഹിക്കുന്നത്. താൻ ചെയ്ത അതേ കുറ്റമാണ് ദത്തിന്റേതെന്നും തനിക്ക് മാത്രം കഠിനമായ ശിക്ഷ വിധിച്ച ടാഡ കോടതി ജഡ്ജി പക്ഷപാതിത്വം കാട്ടിയെന്നും ആരോപിച്ച് അസീസ് ശൈഖ് സുപ്രീം കോടതിയെ സമീപിച്ചില്ലായിരുന്നുവെങ്കിൽ ഇതിനകം ദത്ത് നല്ലവനായി പുറത്തെത്തിയേനെ. സത്യമാണ് എപ്പോഴും ജയിക്കേണ്ടതെങ്കിൽ ഒന്നുകിൽ ആയുധം കൈവശം വെച്ച എല്ലാവരെയും സമൂഹത്തിന് മാതൃകയാവുംവിധം ഒരേതരത്തിൽ ശിക്ഷിക്കുകയോ അല്ലെങ്കിൽ നല്ലനടപ്പ് ജാമ്യത്തിന് വിടുകയോ ആണ് ടാഡ കോടതി ചെയ്യേണ്ടിയിരുന്നത്. സിനിമാ താരമായി എന്നതുകൊണ്ട് സഞ്ജയ് ദത്ത് നല്ലവനും കച്ചവടക്കാരനായി എന്നതു കൊണ്ട് ഇഹ്സാൻ ഖുറൈശി തെറ്റുകാരനുമാണ് എന്ന മട്ടിലാണ് കോടതിവിധിയെന്ന് ആളുകൾ വിലയിരുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതാണ് നീതിന്യായ വ്യവസ്ഥക്ക് ഭൂഷണം. ■